# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ

1981 ഒക്ടോബർ

## അറിയിപ്പുകൾ

## TEACHERS'MOVEMENT

*(A Quarterly News Magazine)*
AIFUCTO പ്രസിദ്ധീകരണമായ Teachers' movement-ന്റെ വരിക്കാരാവുക. വാർഷിക വരിസംഖ്യ Rs. 6
മേൽവിലാസം

Mrinmoy Bhattacharyya
15, Brindaban Mallick Lane
Calcutta-700009

### മെമ്പർഷിപ്പ്

ഏതെങ്കിലും ബ്രാഞ്ചുകൾ ഇനിയും മെമ്പർഷിപ്പുതുക അയച്ചിട്ടില്ലെങ്കിൽ ഉടൻതന്നെ ട്രഷററുടെ പേർക്ക് അയയ്ക്കുക.
മേൽവിലാസം: Prof. N. Bhargavan
S. N. College
Cannannore

### ജേർണൽ വരിസംഖ്യ

പലബ്രാഞ്ചുകളിലെയും ജേർണൽ വരിസംഖ്യയുടെ കാലാവധി കഴിഞ്ഞിരിയ്ക്കുന്നു. പുതുക്കുക. ഏഴരരൂപയാണ് വാർഷിക വരിസംഖ്യ. എഡിററുടെ പേർക്ക് അയയ്ക്കുക.

Kerala Private College Teacher
Vasantham, Kesavadasapuram,
Trivandrum.

### പരസ്യം

ജേർണലിലേയ്ക്ക് പരസ്യം ശേഖരിച്ചയച്ചുതരണം. 'താരിഫ്കാർഡ്' ജില്ലാസെക്രട്ടറിമാർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്. എഡിററർക്ക് എഴുതിയാലും അയച്ചുതരുന്നതാണ്. ബ്രാഞ്ചുസെക്രട്ടറിമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

### വെൽഫയർ ട്രസ്ററ്

പുതിയ അധ്യാപകർ ധാരാളം സർവ്വീസിൽ വരുന്നുണ്ട്. അവരെയെല്ലാം വെൽഫയർ ട്രസ്ററിൽ ചേർക്കാൻ ശ്രമിക്കണം. ട്രസ്ററുസംബന്ധമായ വിവരങ്ങൾക്ക് ജനറൽ സെക്രട്ടറിക്ക് എഴുതുക
മേൽവിലാസം: Prof. N. M Joseph
St: Thomas College, Palai.

# ശ്രീ. കെ. സുകുമാരൻ

പത്രപ്രവർത്തനത്തിലൂടെ സാമൂഹ്യസേവന മണ്ഡലങ്ങൾ വികസിപ്പിച്ചെടുക്കുകയും, ബഹുജനങ്ങളുടെ സംഘടിത മുന്നേററങ്ങൾക്ക് ശക്തി പകരുകയും ചെയ്ത പത്രാധിപർ കെ. സുകുമാരന്റെ നിര്യാണത്തിൽ എ. കെ. പി. സി. ടി. എ യ്ക്കുള്ള അഗാധദുഃഖം രേഖപ്പെടുത്തുന്നു.

സാമൂഹ്യജീവിതരംഗത്ത് ഗുണപരമായ മാററത്തിനുവേണ്ടി പത്രാധിപർ നിരന്തരം പരിശ്രമിച്ചുപോന്നു. അതുകൊണ്ടുതന്നെ പുരോഗമന പ്രസ്ഥാനങ്ങൾക്ക്, പ്രതിബന്ധങ്ങളെ മുറിച്ചു മുന്നേറാൻ വേണ്ട സഹായം അദ്ദേഹം നൽകി. എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള നിർണ്ണായക സമരങ്ങളിലൊക്കെ, യൂണിവേർസിററി ആക്ടിനുവേണ്ടിയും, ഡയറക്ട് പേമെൻറിനുവേണ്ടിയും, ഏററവും ഒടുവിലായി യു. ജി. സി. സ്കെയിലിനുവേണ്ടിയും നടന്ന സമരങ്ങളിൽ, അധ്യാപകർക്ക് അനുകൂലമായ നിലപാടെടുക്കാനും വേണ്ട നിർദ്ദേശങ്ങൾ തരാനും അദ്ദേഹം മുന്നോട്ടുവന്നിട്ടുണ്ട്. ഞങ്ങൾക്കുമാത്രമല്ല, അവകാശങ്ങൾക്കായി സമരംചെയ്തിട്ടുള്ള ഇതരസംഘടനകൾക്കും ഈ സഹകരണം അദ്ദേഹത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്.

പത്രപ്രവർത്തനരംഗത്ത് അനുകരണീയമായ മാതൃക സൃഷ്ടിച്ച ശ്രീ. കെ. സുകുമാരന്റെ നിര്യാണത്തിൽ ഞങ്ങൾക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

# കേരള പ്രൈവററ് കോളേജ് ടീച്ചർ

രജിസ്ററർ നമ്പർ : KL/TV/237

**അഖില കേരള പ്രൈവററ് കോളേജ് അധ്യാപക സംഘടനയുടെ മുഖപത്രം**

നമ്പർ : 31

ഒക്ടോബർ 1981

വില : ഒററപ്രതി — 75 പൈസ

വാർഷിക വരിസംഖ്യ — 7.50 രൂപ

**പത്രാധിപസമിതി :**

വി. നാരായണൻകുട്ടി
ജി. മാധവൻനായർ
എൻ. ഭാർഗവൻ
എം. ആർ. ചന്ദ്രശേഖരൻ
പി. രവീന്ദ്രനാഥ്
വി. എൻ. മുരളി (ചീഫ് എഡിററർ)


# ഉറപ്പുകൾ നടപ്പിലാക്കുന്നതുവരെ സമരം

വീണ്ടും ശക്തമായ സമരമാർഗങ്ങളിലേയ്ക്കു നീങ്ങാൻ എ. കെ. പി. സി. ടി. എ. തീരുമാനമെടുത്തിരിക്കയാണ്. സംയുക്ത സമരസമിതിയുമായി ഗവണ്മെൻറുണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കാനുള്ള ആറുമാസക്കാലാവധി കഴിഞ്ഞു. വിദ്യാഭ്യാസമന്ത്രിയുടെ ചില പ്രസ്താവനകളല്ലാതെ കാര്യമായ തീരുമാനങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. നീണ്ടുനിന്ന പണിമുടക്കുൾപ്പടെയുള്ള സമരത്തിലൂടെ നേടിയെടുത്ത ഉറപ്പുകൾ നടപ്പിലാക്കികിട്ടുന്നതിനും സമരംചെയ്യേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്.

യു. ജി. സി. സ്കെയിൽ നടപ്പിലാക്കുന്നകാര്യം ആറുമാസത്തിനകം കേന്ദ്രവുമായി ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. എന്നാൽ ഇപ്പോൾ വിദ്യാഭ്യാസമന്ത്രി പറയുന്നത് കേന്ദ്രവുമായി കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണെന്നാണ്. ആറുമാസത്തെ കാലാവധി ഉണ്ടായിട്ടും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയാതെ പോയത് ഗവൺമെൻറിൻെറ ഭാഗത്തുണ്ടായിട്ടുള്ള വലിയൊരു വീഴ്ചയാണ്. യുണിവേഴ്സിററി നിയമഭേദഗതിയുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി.

കോർപ്പറേററ് മാനേജുമെൻറുകളുമായി നാമമാത്രമായ ചില ചർച്ചകൾ നടന്നതല്ലാതെ; സ്ഥലംമാററക്കാര്യത്തിലും വ്യക്തമായതീരുമാനമൊന്നുമുണ്ടായിട്ടില്ല. ഇനിയും ചർച്ചകൾ തുടരുമെന്നാണ് മന്ത്രി പറയുന്നത്. മാനേജുമെൻറുകളാകട്ടെ മുമ്പെങ്ങുമില്ലാത്തതരത്തിൽ സ്ഥലംമാററങ്ങൾ ഇപ്പോൾ നടത്തുകയാണ്. യൂണിവേഴ്സിററി നിയമത്തിലെ 64–ാം വകുപ്പ് നടപ്പിലാക്കികൊണ്ട്, ഈ രംഗത്ത് മാനേജുമെൻറുനടത്തുന്ന അഴിമതി ഒരു പരിധിവരെയെങ്കിലും തടയാൻ ഗവൺമെൻറിനുകഴിയും. അതിനാണ്

## ജൂനിയർ ലക്ചറേഴ്സിന് ഉടൻ അപ്രൂവൽ നൽകുക.

കേരള — കാലിക്കട്ട് യൂണിവേഴ്സിററിക ളടെകീഴിലുള്ള കോളേജുകളിൽ നിയമനം ലഭിച്ച് മൂന്നും നാലും വർഷം കഴിഞ്ഞിട്ടും ശമ്പളം ലഭിക്കാത്ത നിരവധി അദ്ധ്യാപകരുണ്ട്. ജൂനിയർ ലക്ചററായുള്ള നിയമനം തന്നെ അധ്യാപക രംഗത്തേക്കു കടന്നു വരുന്നവർക്കനുഭവിക്കേണ്ടി വരുന്ന വലിയൊരു ഗതികേടാണ് തുല്യജോലിയും യോഗ്യതയും ഉള്ള അധ്യാപകരെ, രണ്ടുവർഷം ജൂനിയർ ലക്ചറർ എന്ന പേരിൽ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യിക്കുകയാണ്. മറെറാരു സർവീസിലും കേട്ടുകേൾവി പോലുമില്ലാത്തൊരു ഏർപ്പാടാണിത്. തുല്യ ജോലിക്ക് തുല്യ വേതനമെന്ന സാമാന്യനിയമത്തെപ്പോലും നിഷേധിക്കുന്നതാണ് ഈ സമ്പ്രദായം. ജൂനിയർ ലക്ചറർ തസ്തിക നിർത്തലാക്കണമെന്നത് എ. കെ. പി. സി. ടി. എ. യുടെ ഒരു പ്രധാന ഡിമാൻറായതും ഇതുകൊണ്ടാണ്.

ഇന്നു സർവീസിൽ കയറുന്ന അധ്യാപകന് ഈ തുച്ഛശമ്പളവും വർഷങ്ങളോളം ലഭിക്കാത്തൊരവസ്ഥ ഉണ്ടായിരിക്കയാണ്. യൂണിവേർസിററിയിൽ നിന്നുകിട്ടേണ്ട അപ്രൂവൽ ലഭിക്കാത്തതാണ് കാരണം. ഫസ്ററ് ക്ളാസും റാങ്കും ഒക്കെ വാങ്ങിയാണു വരുന്നതെങ്കിലും പ്രൈവററ് കോളേജുകളിൽ ജോലികിട്ടാൻ കോഴകൊടുക്കണം. കുടുംബം എഴുതിവിററാണ് പലരും ജോലി വാങ്ങുക. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ നാണംകെട്ട ആ വശത്തെക്കുറിച്ച് കൂടുതൽ പറയാതിരിക്കയാണ് ഭേദം. ഒടുവിൽ ഒരു ജോലി കിട്ടിക്കഴിഞ്ഞാൽ അവിടെത്തുടങ്ങുകയായി നൂറുകൂട്ടം നൂലാമാലകൾ.

നിയമനങ്ങൾക്ക് അപ്രൂവൽ നൽകുന്നതിൽ വലിയ കാലതാമസം യൂണിവേഴ്സിററികൾ വരുത്തുന്നുണ്ട്. മാനേജ്മെൻറിൻെറ അഴിമതികൾ നിയമനങ്ങളിലുണ്ടാകുന്നുവെന്ന് യൂണിവേഴ്സിററികൾ പറയുന്നു. അഴിമതി കാണിക്കുന്ന മാനേജ്മെൻറിനെ നിയന്ത്രിക്കാൻ യൂണിവേഴ്സിററിക്കു കഴിയണം. മൂന്നും നാലും വർഷം ജോലി നോക്കുന്ന അധ്യാപകന് ശമ്പളം നിഷേധിച്ചിരിക്കുന്നു

(ശേഷം 23—ാം പേജിൽ)

---

ഗവൺമെൻറ് തയ്യാറാകേണ്ടത്. അനന്തമായി നീണ്ടുപോകുന്ന ചർച്ചകൾകൊണ്ടുമാത്രം പ്രയോജനം ഉണ്ടാവുകയില്ല.

സമരകാലത്തെ ശമ്പളം നൽകുന്നതു സംബന്ധിച്ചും തീരുമാനമെടുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഭൂരിപക്ഷം ജീവനക്കാരും പണിമുടക്കിൽ പങ്കെടുത്തിരുന്നുവെന്ന് വ്യക്തമായ കണക്കുകൾ സഹിതം അടുത്തകാലത്തും എ. കെ. പി. സി ടി.എ. ഗവണ്മെൻറിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. സർക്കാർ സ്വീകരിച്ചൊരുനയം—ഭൂരിപക്ഷം ജീവനക്കാർ പണിമുടക്കിയാൽ ഡൈസ്നോൺ ബാധകമാവുകയില്ലെന്നുള്ളത്—നടപ്പിലാക്കാൻ ആത്മാർത്ഥതയുണ്ടെങ്കിൽ അധ്യാപകരുടെ തടഞ്ഞുവച്ച ശമ്പളം എത്രയും പെട്ടെന്ന നൽകണം.

നേരത്തെ സൂചിപ്പിച്ചതുപോലെ, പണിമുടക്കുകളുൾപ്പെടെയുള്ള സമരത്തിലൂടെയാണ് ഗവൺമെൻറിനെക്കൊണ്ട ചില തീരുമാനങ്ങളെടുപ്പിക്കാൻ നമുക്കുകഴിഞ്ഞത്. ആ തീരുമാനങ്ങൾ നടപ്പിലാക്കികിട്ടാനും ശക്തമായ സമരംതന്നെവേണ്ടി വന്നിരിക്കുന്നു. അതുകൊണ്ടാണ് ഉറപ്പുകൾ നടപ്പിലാക്കികിട്ടുന്നതുവരെ നിരന്തരമായി സമരം തുടരാൻ എ. കെ. പി. സി. ടി. എ. തീരുമാനിച്ചിട്ടുള്ളത്. ഇതിൻെറ ഭാഗമായി ഒക്ടോബർ 31—ാം തീയതി സംസ്ഥാനത്തെ എല്ലാജില്ലാ കേന്ദ്രങ്ങളിലും നടക്കുന്ന കൂട്ടധർണ്ണയിലും തുടർന്നുള്ള സമരങ്ങളിലും പങ്കെടുത്ത് അവകാശങ്ങൾക്കായുള്ള പോരാട്ടം കൂടുതൽ ശക്തമാക്കാൻ ഞങ്ങൾ അധ്യാപകരോട് അഭ്യർത്ഥിക്കുന്നു. □

ഡോ: എം. പി. പരമേശ്വരൻ

# നമുക്കൊന്നു ചിന്തിക്കാം.

ഇതിനെ സുചിന്തിതമായ, സുഘടിതമായ, ഒരു പ്രബന്ധമായി കണക്കാക്കേണ്ടതില്ല. ചില ചിതറിയ ചിന്തകൾ. ചിതലെടുത്ത ചിന്തകളല്ലെന്നു കരുതുന്നു.

കരയ്ക്കുനിന്നു നീന്തൽ പഠിക്കാൻ പററില്ലെന്നു പറയാറുണ്ട്. വിദ്യാഭ്യാസത്തെക്കുറിച്ച് പ്രസംഗിച്ചതുകൊണ്ടുമാത്രം അത് ആഭാസമല്ലാതായിത്തീരുമോ? ഇല്ലെന്നാണ് എനിക്കുതോന്നുന്നത്.

ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം അടിമുടി മാററണമെന്ന് എല്ലാവരും പറയുന്നു. മാററണം. സംശയമില്ല. അടിമുടിയും മുടി അടിയുമാക്കി മാററിയാൽ മതിയോ? പോരാ. പിന്നെ എന്തുമാററമാണ് വേണ്ടത്?

വിദ്യാഭ്യാസനിലവാരം ഉയർത്തണമോ? പഠനഭാരത്തിന്റെ വർദ്ധനവിനെക്കുറിച്ച് കൂടുതൽ കാർട്ടൂണുകൾ, കൂടുതൽ സമരങ്ങൾ.

പ്രൈവററ് സ്ക്കൂൾ പാടില്ല അല്ലേ? ''പബ്ളിക്'' സ്ക്കൂളായിരിക്കും നല്ലത്!

സർവകലാശാലാ വിദ്യാഭ്യാസം മാതൃഭാഷയിൽ വേണം. ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഇംഗ്ളീഷിലും!

ഇങ്ങനെ ആയാൽ എവിടെയും എത്തില്ല മറെറാരു ലൈൻ തുടങ്ങാം.

എന്തിനാണ് വിദ്യാഭ്യാസം?

വ്യക്തിയുടെ സർവതോമുഖമായ വികാസത്തിന്.

എന്നുവച്ചാൽ?

സമൂഹത്തിലെ ഉത്തമ പൗരനായി ജീവിക്കുവാൻ കഴിയണം. ഏറെറടുക്കേണ്ടിവരുന്ന ചുമതലകൾ ഏററവും കാര്യക്ഷമമായി ചെയ്യുവാൻ കഴിയുമാറാകണം.

തൊഴിലെടുക്കുക്കാനുള്ള പരിശീലനം മാത്രമാണോ വിദ്യാഭ്യാസം ? അല്ല.

മാനവരാശിയുടെ ആകെയുള്ള സാംസ്ക്കാരിക പൈതൃകത്തെ ആസ്വദിക്കാനുള്ള കഴിവും ഉണ്ടാക്കണം. വളരെ നല്ലത്. ഓരോന്നായി പരിശോധിക്കാം.

## ഇൻഡ്യൻ സമൂഹം

ഇത് അമേരിക്കൻ സമൂഹത്തിൽനിന്നും സോവിയററ് സമൂഹത്തിൽനിന്നും ഒക്കെ വ്യത്യസ്തമാണ്. ഇവിടത്തെ ജനങ്ങൾ തങ്ങളുടെ ജീവിതം നിലനിർത്താനാവശ്യമായ ഉപാധികൾഉണ്ടാക്കുന്ന രീതി, അതിനുപയോഗിക്കുന്ന ടൂളുകളും പ്രയോഗങ്ങളും പദാർഥങ്ങളും, അതിനുവേണ്ടിയുള്ള സംഘടന, കീഴ്വഴക്കങ്ങൾ, ധാരണകൾ....എല്ലാം മററു സമൂഹങ്ങളുടേതിൽനിന്ന് വ്യത്യസ്തമാണ്.

ഓരോ സമൂഹത്തിനും അതിന്റേതായ പ്രത്യേകതകൾ ഉണ്ടായിരിക്കും. ഇൻഡ്യൻ സമൂഹത്തിലെ ഒരുവ്യക്തിയിൽ അർപ്പിതമായേക്കാവുന്ന ചുമതലകളും അത് നിറവേററുന്ന രീതികളും അമേരിക്കയിലേയോ സോവിയററ് യൂണിയനിലേയോ പൗരന്റേതിൽ നിന്ന് വ്യത്യസ്തമായിരിക്കും എന്നതിൽ സംശയമില്ലല്ലോ. നമ്മുടെ വിദ്യാലയങ്ങളിൽ നൽകപ്പെടുന്ന വിദ്യാഭ്യാസം നമ്മുടെ സമൂഹത്തിന്റെ ജീവിതവുമായി എത്രകണ്ട് ബന്ധപ്പെട്ടിരിക്കുന്നു?. ഇന്ത്യയിലെ പൗരാണിക വിദ്യാഭ്യാസം വികസിച്ചു രൂപാന്തരപ്പെട്ടുണ്ടായതല്ല ആധുനിക ഇൻഡ്യൻ വിദ്യാഭ്യാസം. ഇന്നും പാശ്ചാത്യരാജ്യങ്ങളിലേയ്ക്കാണ് നാം വിദഗ്ധ സഹായത്തിനായി പോകുന്നത്. അഭ്യസ്തവിദ്യരായ ഇന്ത്യൻ യുവാക്കളും യുവതികളും നമ്മുടെ സമൂഹത്തിൽനിന്ന് അന്യവത്ക്കരിക്കപ്പെട്ടവരായി കാണപ്പെടുന്നു. പാശ്ചാത്യ സമൂഹങ്ങളിൽ ഇഴുകിച്ചേരാൻ അവർക്കു താരതമ്യേന പ്രയാസം കുറവാണ്!

**നമ്മുടെ വിദ്യാഭ്യാസം നമ്മുടെ ചെറുപ്പക്കാരെ അന്യസമൂഹങ്ങളിലെ കടമകൾ നിറവേററാനാണ് സന്നദ്ധരാക്കുന്നത് എന്ന് പറഞ്ഞാൽ അത് നിഷേധിക്കാനാവുമോ?**

നമ്മുടെ വിദ്യാഭ്യാസം നമ്മുടെ ചെറുപ്പക്കാരെ അന്യസമൂഹങ്ങളിലെ കടമകൾ നിറവേററാനാണ് സന്നദ്ധരാക്കുന്നത് എന്നുപറഞ്ഞാൽ അത് നിഷേധിക്കാനാവുമോ?

എന്താണ് ഇൻഡ്യൻ സമൂഹം ? എന്താണിതിലെ പ്രത്യേകതകൾ? പരിശോധിക്കുകതന്നെവേണം. സാമ്പത്തികമായ അടിത്തറയും സാംസ്കാരികമായ മേൽഘടനയും പരിശോധിച്ചുനോക്കണം. മൊത്തത്തിൽ സാമൂഹ്യപ്രവർത്തനങ്ങളെ നാം മൂന്നു മേഖലകളിലായി തിരിക്കാറുണ്ട്.

1. കൃഷിയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും.
2. വ്യവസായം, ഖനനം, നിർമ്മാണം തുടങ്ങിയവ.
3. ക്ഷേമപ്രവർത്തനങ്ങൾ.

ഈ വിഭജനം പൊതുവിൽ ഏതു സമൂഹത്തിനും ബാധകമാകാവുന്നതാണ്. എന്നാൽ ഉള്ളടക്കത്തിന്റെ വിശദാംശങ്ങളിൽ ഗണ്യമായ വ്യത്യാസം ഉണ്ട്. വിളകൾ, വിത്തിനങ്ങൾ, വിളക്രമങ്ങൾ, രോഗങ്ങൾ, മൃഗങ്ങൾ, വനങ്ങൾ ..തുടങ്ങിയ വിശദാംശങ്ങൾ ഇന്ത്യയിലെയും അമേരിക്കയിലെയും എത്ര വ്യത്യസ്തമായിരിക്കും. വള്ളുവനാടൻ താലൂക്കിലെ 'ഒരേക്കർ കൃഷിക്കാര'നെ സജ്ജമാക്കുവാനുള്ള വിദ്യാഭ്യാസവും ട്രാക്ടറും മററു യന്ത്രങ്ങളും ഉപയോഗിച്ച് നൂറുകണക്കിന് ഏക്കർ ചോളകൃഷി നടത്തുന്ന അമേരിക്കൻ കൃഷിക്കാരനെ തയ്യാറാക്കാനുള്ള വിദ്യാഭ്യാസവും ഒന്നായിരിക്കാൻ നിവൃത്തിയില്ലല്ലോ. കയർ പിരിച്ചും അണ്ടിതല്ലിയും ബീഡി തെറുത്തും തുണി നെയ്തും ഇഷ്ടിക ചുട്ടും കഴിയുന്ന പരമ്പരാഗത തൊഴിലാളികൾക്ക് നൽകേണ്ട വിദ്യാഭ്യാസവും, ഇവയ്ക്കുണ്ടാകാവുന്നതും ഉണ്ടാകേണ്ടതുമായ മാററങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടായാൽപ്പോലും, പൂർണ്ണമായും സ്വയം പ്രവർത്തനങ്ങളായ കൂററൻ ഫാക്ടറികളിലെ തൊഴിലാളികൾക്കു വേണ്ട വിദ്യാഭ്യാസവും ഒന്നാകാൻ സാധ്യമാണോ? ജാതിമതാദി ബന്ധങ്ങളിലും അന്ധവിശ്വാസങ്ങളിലും പഴഞ്ചൻ ആചാരങ്ങളിലും ആണ്ടുകിടക്കുന്ന ഭാരതീയർക്കു വേണ്ട വിദ്യാഭ്യാസവും കമ്യൂണിസത്തിലേക്കു കാൽവയ്ക്കാൻ നില്ക്കുന്ന സോവിയററ് പൗരൻമാർക്കു വേണ്ട വിദ്യാഭ്യാസവും ഒന്നാകാൻ നിവൃത്തിയില്ലല്ലോ.

'നിലവാരം ഉയർത്തുക'യെന്നാൽ അമേരിക്കവത്കരിക്കുക അല്ലെങ്കിൽ റഷ്യവത്കരിക്കുക അതുമല്ലെങ്കിൽ ജർമ്മനീകരിക്കുകയോ ആംഗലവത്ക്കരിക്കുകയോ ചെയ്യുക എന്നല്ലേ ധരിച്ചുവച്ചിരിക്കുന്നത്?

ഇന്ത്യൻ പാഠ്യപദ്ധതിയെന്നാൽ അമേരിക്കൻ—സോവിയററ് പദ്ധതികളുടെ 'ശരാശരി' ആണ്. രണ്ടിലെയും 'നല്ല' വശങ്ങൾ എടു

ത്തിരിക്കയാണത്രെ. പക്ഷേ നമ്മുടെ സമൂഹവുമായി അതിനുള്ള ബന്ധം സംശയാസ്പദമാണ്. നമ്മുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ ഒരു വിദ്യാഭ്യാസ സമ്പ്രദായവും പാഠ്യപദ്ധതിയും രൂപപ്പെടുത്തണമെങ്കിൽ വളരെയേറെ മൗലികമായിത്തന്നെ നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ വിശദാംശങ്ങൾ നമുക്കു മാത്രമേ അറിയാവൂ. ഇവയെ താഴെപ്പറയുന്ന രീതിയിൽ വർഗീകരിക്കാം.

പ്രാഥമിക മേഖല

(a) കൃഷി: അരി, ഗോതമ്പ്, തെങ്ങ്, ചണം, നിലക്കടല, ഉരുളക്കിഴങ്ങ്, മരച്ചീനി, പയർവർഗങ്ങൾ ഇത്യാദി.

(b) മൃഗപരിപാലനം: പശു, എരുമ, ആട്, കോഴി, കുതിര, പന്നിവളർത്തൽ.

(c) മത്സ്യബന്ധനം: മത്സ്യകൃഷി, സംസ്കരണം.

(d) വനം: വനസംരക്ഷണം, മണ്ണുസംരക്ഷണം,

ദ്വിതീയമേഖല

(a) പരമ്പരാഗതപ്രവർത്തനങ്ങൾ: കയർ, കശുവണ്ടി, കൈത്തറി, ബീഡി, ഓട്, ഇഷ്ടിക, ഈററനെയ്ത്ത്, വിവിധ കൈത്തൊഴിലുകൾ മുതലായവ.

(b) ആധുനിക ശാസ്ത്രാധിഷ്ഠിത വ്യവസായങ്ങൾ: രാസവ്യവസായം, ലോഹവ്യവസായം വൈദ്യുതി, എൻജിനീയറിംഗ്, നിർമ്മാണം, ഔഷധം, ട്രാൻസ്പോർട്ട്, വാർത്താവിനിമയം...

(c) ഖനനം: ഇരുമ്പ്, കൽക്കരി, പലതരം അയിരുകൾ മുതലായവ.

തൃതീയകമേഖല

(a) വിദ്യാഭ്യാസം: പ്രൈമറി, സെക്കണ്ടറി, സർവകലാശാല, സാങ്കേതികം—അധ്യാപനം.

(b) ആരോഗ്യം: ആധുനികം, പരമ്പരാഗതം, സഹായകവിഭാഗങ്ങൾ....

(c) കച്ചവടം: പലതരം-ചില്ലറ, മൊത്തം....

(d) ഭരണം: പഞ്ചായത്ത്, താലൂക്ക്, നിയമം, പോലീസ്...

(e) ബാങ്ക്, ഇൻഷ്വറൻസ്—

(f) സാംസ്കാരിക പ്രവർത്തനം: സിനിമ, നാടകം, സംഗീതം, സാഹിത്യം ചിത്രകല....

നമ്മുടെ സമൂഹത്തിലെ ഓരോ പൗരനും മുകളിൽ കൊടുത്ത സാമൂഹ്യപ്രവർത്തന തുറകളിൽ ഏതെങ്കിലും ഒന്നിലായിരുക്കും പ്രവർത്തിക്കേണ്ടി വരിക—ശുദ്ധ ഇത്തിക്കണ്ണികളെ ഒഴിച്ചുനിറുത്തിയാൽ ഓരോ മേഖലയിലും വ്യത്യസ്തങ്ങളായ വൈദഗ്ധ്യതലങ്ങൾ ആവശ്യമായിവരും. ചിലതിന് പ്രൈമറി സ്കൂൾ വിദ്യാഭ്യാസം മതിയാകും. ചിലതിന് ഗവേഷണ പരിചയം വേണ്ടി വരും. അതുപോലെ ഇന്നത്തെ പ്രവർത്തനരീതികൾ കഴിഞ്ഞകാലങ്ങളിലായി ഉരുത്തിരിഞ്ഞുവന്നതു പോലെ, വരുംകാലത്തും അതിൽ മാററം വന്നുകൊണ്ടിരിക്കും. പുതിയ പുതിയ വൈദഗ്ധ്യങ്ങൾ ആവശ്യമായിവരും. കാലത്തിനൊത്ത് അവ സ്വാംശീകരിക്കാനുള്ള കഴിവുണ്ടാകണം.

**'നിലവാരം ഉയർത്തുക'യെന്നാൽ അമേരിക്കവത്കരിക്കുക അല്ലെങ്കിൽ റഷ്യവത്കരിക്കുക അതുമല്ലെങ്കിൽ ജർമ്മനീകരിക്കുകയോ ആംഗലവത്ക്കരിക്കുകയോ ചെയ്യുക എന്നല്ലെ ധരിച്ചുവച്ചിരിച്ചുന്നത്.**

**ഇന്ത്യൻ പാഠപദ്ധതിയെന്നാൽ അമേരിക്കൻ-സോവിയററ് പദ്ധതികളുടെ 'ശരാശരി' ആണ്. രണ്ടിലെയും 'നല്ല' വശങ്ങൾ എടുത്തിരിക്കയാണത്രെ. പക്ഷെ നമ്മുടെ സമൂഹവുമായി അതിനുള്ള ബന്ധം സംശയാസ്പദമാണ്.**

നമ്മുടെ സ്കൂൾ—കോളേജ് വിദ്യാഭ്യാസം ഈ ഓരോ തുറകളിലും അധ്വാനിക്കുവാനുള്ള തന്റെ പങ്ക് നിർവഹിക്കാനുള്ള വിദ്യാർത്ഥിയുടെ കഴിവിനെ എത്രകണ്ട് വളർത്തുന്നുണ്ട്? ഇതാണ് ഒരു ചോദ്യം.

മാനവരാശിയുടെ മൊത്തം പൈതൃകത്തിന്റെ, സാംസ്കാരികത്തിന്റെ സത്ത ഉൾക്കൊള്ളാനും നാം ഏതു സൂക്ഷ്മ—സ്ഥൂല സമൂഹങ്ങളുടെ ഭാഗമാണോ അതിന്റെ സംസ്കാരങ്ങളെ സ്വാംശീകരിക്കാനും അതിലേക്ക് സംഭാവന ചെയ്യാനുമുള്ള കഴിവ് എത്രകണ്ട് വളർത്തുന്നുണ്ട്? ഇതാണ് രണ്ടാമത്തെ ചോദ്യം.

നാം പരക്കെ അംഗീകരിക്കുന്ന ഒരു വസ്തുതയുണ്ട്. എത്ര കണ്ട് കൂടുതൽ വിദ്യാഭ്യാസം ലഭിക്കുന്നുവോ അത്രകണ്ട് നമ്മുടെ വിദ്യാർത്ഥികൾ അധ്വാനത്തിൽ നിന്ന് അന്യവത്ക്കരിക്കപ്പെടുന്നു. പ്രാഥമിക വിദ്യാഭ്യാസ ഘട്ടം മുതൽക്കു തന്നെ ഈ അന്യവത്ക്കരണ പ്രക്രിയ തുടങ്ങുന്നു. എട്ടു ക്ളാസ് പഠിച്ചാൽ അയാൾ കൂടുതൽ നല്ല കൃഷിക്കാരനോ, മീൻപിടുത്തക്കാരനോ ആശാരിയോ, കൊല്ലനോ, കൊത്തനോ, നെയ്ത്തുകാരനോ ആകുന്നുണ്ടോ? ഇല്ല എന്നു വ്യക്തം. മറിച്ച് പ്രവർത്തനങ്ങളോടുള്ള അവജ്ഞ വർദ്ധിപ്പിക്കുകയാണ്, കഴിവുകേട് സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസം ചെയ്യുന്നത്. എവിടേയ്ക്കെങ്കിലും നാം അവരെ സജ്ജമാക്കുന്നുണ്ടെന്ന് പറയാമെങ്കിൽ അത് തൃതീയകമേഖലയിലേക്കാണ്. എന്നാൽ പ്രാഥമിക, ദ്വിതീയമേഖലകളിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള തികഞ്ഞ അജ്ഞത അവരെ ഇതിനും കൊള്ളാതാക്കുന്നു. പ്രൈമറി വിദ്യാഭ്യാസം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും അത് കോളജ് വിദ്യാഭ്യാസത്തിനും, തുടർന്ന് ഗവേഷണ വിദ്യാഭ്യാസത്തിനും ഉള്ള ചവിട്ടുപടികൾ മാത്രമാണ്.

**നാം പരക്കെ അംഗീകരിക്കുന്ന ഒരുവസ്തുതയുണ്ട്. എത്രകണ്ട് കൂടുതൽ വിദ്യാഭ്യാസം ലഭിക്കുന്നുവോ അത്രകണ്ട് നമ്മുടെ വിദ്യാർഥികൾ അധ്വാനത്തിൽനിന്ന് അന്യവത്ക്കരിക്കപ്പെടുന്നു.**

**പ്രൈമറി വിദ്യാഭ്യാസം ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനും അത് കോളേജ് വിദ്യാഭ്യാസത്തിനും, തുടർന്ന് ഗവേഷണ വിദ്യാഭ്യാസത്തിനും ഉള്ള ചവിട്ടുപടികൾ മാത്രമാണ്.**

അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് പി. എച്ച്. ഡി. ബിരുദംവരെ നീളുന്ന ഒരു നേർരേഖയാണ് ഇന്നത്തെ വിദ്യാഭ്യാസം എന്നു പറയാം. മറ്റെല്ലാംതന്നെ ഈ രേഖയിൽ വരുന്ന ബിന്ദുക്കൾ മാത്രം. രേഖയ്ക്ക് വെളിയിൽ ഒന്നും കാണില്ല. പി. എച്ച്. ഡി. ഗവേഷണമാകട്ടെ, നമ്മുടെ സമൂഹത്തിലെ പ്രശ്നങ്ങളെയല്ല. വികസിത രാജ്യങ്ങളിലെ പ്രശ്നങ്ങളെയാണ് മുന്നിൽ കാണുന്നത്. 'അന്താരാഷ്ട്ര പണ്ഡിത സമുദാ'യത്തിന്റെ പ്രശ്നങ്ങളെയാണ് മുന്നിൽ കാണുന്നത്.

പുതിയ ഒരു സംവിധാനത്തിന് രൂപം കൊടുക്കുക എളുപ്പമല്ല. പ്രത്യേകിച്ചും പലതും മറക്കേണ്ടതുണ്ടെന്നു വരുമ്പോൾ. ഇവിടെ നാം സ്കൂളുകളിലും കോളേജുകളിലുമായി പല വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്. മുഴുവനും എടുക്കേണ്ട, പ്രൈമറി വിദ്യാഭ്യാസമെടുക്കുക. എട്ടുകൊല്ലത്തെ (അല്ലെങ്കിൽ ഏഴു കൊല്ലത്തെ) ഈ ക്ളാസുകളിൽ എന്തൊക്കെ പഠിപ്പിക്കണം?

(a) മാതൃഭാഷയ്ക്കു പുറമെ മറ്റേതെങ്കിലും ഭാഷ പഠിപ്പിക്കണമോ? ആവശ്യം? മാതൃഭാഷ നന്നായി പഠിച്ചുകഴിഞ്ഞാൽ, എങ്കിൽ മാത്രം താനും, മറ്റു ഭാഷകൾ എളുപ്പത്തിൽ പഠിക്കാനാകുമെന്നു വിദഗ്ധർ പറയുന്നു.

(ശേഷം—17—ാം പേജിൽ)

# ജില്ലകളിൽ നിന്ന്

## തൃശൂർ

എ. കെ. പി. സി. ടി. എ. തൃശൂർ ജില്ലാ കൗൺസിലിൻെറ ആദ്യയോഗം ബിനി ടൂറിസ്റ്റ്ഹോമിൽ സെപ്തംബർ 30–ന് വൈകിട്ട് കൂടി. ജില്ലാപ്രസിഡൻറ് പ്രൊഫ. ടി. രാജൻ അധ്യക്ഷതവഹിച്ചു. സംഘടനയുടെ സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ്, ജനറൽസെക്രട്ടറി പ്രൊഫ എൻ. എം. ജോസഫ്, സെക്രട്ടറി ശ്രീ ചിണ്ടൻകുട്ടി വൈസ്പ്രസിഡൻറ്, പ്രൊഫ. നന്ദിയാട് രാമചന്ദ്രൻ എന്നിവരും യോഗത്തിൽ സംബന്ധിച്ചിരുന്നു. പ്രവർത്തക സമിതി യോഗ തീരുമാനങ്ങളും അതനുസരിച്ചു നടന്നിട്ടുള്ള പ്രവർത്തനങ്ങളും ജില്ലാസെക്രട്ടറി വിവരിച്ചു.

ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻനടപ്പിലാക്കണമെന്നും തടഞ്ഞുവച്ച ശമ്പളം വേഗം നൽകണമെന്നും യോഗം ഗവൺമെൻറിനോട് അഭ്യർത്ഥിച്ചു. ജില്ലയിലെ എല്ലാ കോളേജുകളിലും പ്രതിഷേധദിനാചരണം വിജയകരമായി നടന്നുവെന്ന് ബ്രാഞ്ചുസെക്രട്ടറിമാർ റിപ്പോർട്ടുചെയ്തു. ഒക്ടോബർ 31–ാം തീയതി ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന കൂട്ടധർണ വിജയിപ്പിക്കാനും യോഗം തീരുമാനിച്ചു.

## അപ്രൂവൽ പ്രശ്നം

നിയമനം കിട്ടി വർഷങ്ങൾ കഴിഞ്ഞിട്ടും ശമ്പളം കിട്ടാതെ വിഷമിയ്ക്കുന്ന അധ്യാപകരുടെ പ്രശ്നം യോഗം ചർച്ചചെയ്തു. ഈ പ്രശ്നം മുൻനിർത്തി ഒക്ടോബർ 17–ാം തീയതി കോഴിക്കോട് സർവകലാശാലയുടെ മുമ്പിൽ നടക്കുന്ന ധർണയിൽ ജില്ലയിൽനിന്നും പരമാവധി അംഗങ്ങൾ പങ്കെടുക്കുന്നതാണ്.

## മെമ്പർഷിപ്പ്, വെൽഫയർട്രസ്റ്റ്, ജേർണൽ

സംഘടന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിൻെറ ഭാഗമായി ജില്ലയിൽ മെമ്പർഷിപ്പ് കൂട്ടുന്നതിനു തീരുമാനിച്ചു. വെൽഫയർ ട്രസ്റ്റിലും കൂടുതൽ അംഗങ്ങളെ ചേർക്കും. ജേർണൽ വരിക്കാരുടെ എണ്ണവും വർധിപ്പിയ്ക്കും.

## സംഘടനാപ്രവർത്തനം ശക്തമാക്കുക.

യോഗത്തിൽ പങ്കെടുത്ത സംസ്ഥാന പ്രസിഡൻറ് പ്രൊ. പി. രവീന്ദ്രനാഥ് സംഘടനാപ്രവർത്തനം ശക്തമാക്കാൻ അംഗങ്ങളെ ആഹ്വാനംചെയ്തു. എ. കെ. പി. സി. ടി. എ യ്ക്ക് ഒരു വനിതാവിഭാഗം തുടങ്ങണമെന്നും പ്രസിഡൻറ് അഭിപ്രായപ്പെട്ടു. അതിനുവേണ്ടിയുള്ള പ്രാരംഭപ്രവർത്തനങ്ങൾ ജില്ലയിൽ നടത്താനും ജില്ലാപ്രവർത്തകരോടദ്ദേഹം അഭ്യർത്ഥിച്ചു.

ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കികിട്ടുന്നതിനായി സംഘടനാപ്രതിനിധികളും സർക്കാരും തമ്മിൽ ഇതുവരെ നടന്നിട്ടുള്ള ചർച്ചകൾ പ്രസിഡൻറ് വിശദീകരിച്ചു. ഹൗസിംഗ്ലോൺ, മെഡിക്കൽ റീഇമ്പേഴ്സ്മെൻറ് എന്നിവ ഉടൻതന്നെ നടപ്പിലാക്കി കിട്ടുന്നതിനായി സംഘടന സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കയാണെന്നും പ്രസിഡൻറ് പറഞ്ഞു.

## വിവേകാനന്ദാ കോളേജ് പ്രിൻസിപ്പൽ നിയമനം

### —എ. കെ. പി സി. ടി. എ സമരം ആരംഭിയ്ക്കും

ജില്ലാ കൗൺസിൽയോഗം ഈ പ്രശ്നം വിശദമായി ചർച്ചചെയ്തു. താഴെപ്പറയുന്ന പ്രമേയം പാസ്സാക്കി.

''കൊച്ചിൻ ദേവസ്വംബോർഡ് പുതുതായി ആരംഭിച്ച ശ്രീ വിവേകാനന്ദാകോളേജിലെ പ്രിൻസിപ്പലായി, ബോർഡിൻെറ കീഴിലുള്ള ശ്രീ കേരളവർമ്മ കോളേജിലെ അധ്യാപകരുടെ സീനിയോറിററി മറികടന്നുകൊണ്ട് പ്രസ്തുത കോളേജിലെ 6 വർഷംമാത്രം സർ

വീസുള്ള ശ്രീ. കെ. പി. മുകുന്ദനെ നിയമിച്ചതിൽ എ. കെ. പി. സി. ടി. എ. ജില്ലാകൗൺസിലിന്റെ ഈ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കാൻ സന്നദ്ധരാണോ എന്ന് കേരളവർമ്മകോളേജിലെ അധ്യാപകരോട് ആരായുകയും 8 അധ്യാപകർ രേഖാമൂലം സന്നദ്ധത അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ അവരിൽ ഏററവും സർവീസ് കുറവുള്ള ശ്രീ. കെ. പി. മുകുന്ദനെ നിയമിച്ചത് അദ്ധ്യാപകരെ അവഹേളിക്കുന്നതിനു തുല്യമാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. അന്യായമായി നടത്തിയ ഈ നിയമനം ഉടൻ റദ്ദാക്കണമെന്ന് ഈ യോഗം ദേവസ്വം ബോർഡിനോട് അഭ്യർത്ഥിക്കുകയും, ബോർഡ് അതിന് തയ്യാറാകാത്തപക്ഷം ശക്തമായ പ്രക്ഷോഭപരിപാടികൾ അസോസിയേഷൻ ആസൂത്രണം ചെയ്യുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.''

## സമരസമിതി

ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുന്നതിനായി ശ്രീ. തോളൂർ ശശിധരൻ കൺവീനറും പ്രൊഫ. ടി. വി. ജയിംസ് ജോയിൻറ് കൺവീനറുമായി ഒരു സമരസമിതി രൂപീകരിച്ചു. സമിതിയിൽ ജില്ലയിലെ എല്ലാ കോളേജുകളിലേയും ബ്രാഞ്ചു സെക്രട്ടറിമാരേയും ജില്ലയിൽ നിന്നുള്ള പ്രവർത്തക സമിതി അംഗങ്ങളേയും ജില്ലാപ്രസിഡൻറിനേയും ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. സമിതി ഒക്ടോബർ 18–ന് യോഗം ചേരും.

കൊച്ചി ദേവസ്വം ബോർഡ് നടത്തിയ സ്വജനപക്ഷപാതം നിറഞ്ഞ ഈ നിയമനത്തിനെതിരായി കർശന നടപടികൾ സ്വീകരിക്കാൻ കാലിക്കട്ട് യൂണിവേർസിററിയോടും കേരള സർക്കാരിനോടും അഭ്യർത്ഥിച്ചുകൊണ്ട് പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് പുറപ്പെടുവിച്ചിരുന്ന പ്രസ്താവന അംഗങ്ങൾ പത്രങ്ങളിൽ കണ്ടിരിയ്ക്കുമല്ലോ.

അധ്യാപകർക്ക് അടിയന്തിരമായി അനുവദിച്ചു കിട്ടേണ്ട ആവശ്യങ്ങളടങ്ങുന്ന പ്രമേയങ്ങളും യോഗം പാസാക്കി. ചർച്ചകളിൽ പി. രവീന്ദ്രനാഥ്, എൻ. എം. ജോസഫ്, ചിണ്ടൻകുട്ടി, നന്ദിയോട് രാമചന്ദ്രൻ, തോളൂർ ശശിധരൻ, പി. എ. അന്തപ്പൻ, എം. ലക്ഷ്മിനാരായണൻ, എൻ. ഗോപാലകൃഷ്ണൻ, ഇ. ടി. ജോൺ, സി. രാജൻ, കെ. വി. കുഞ്ഞുണ്ണി, കെ. ഐ. തോമസ് എന്നിവർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി ടി. വി. ജെയിംസ് നന്ദി പറഞ്ഞു.

---

## ലെയിസൺ ഓഫീസർറൻമാർ

എ. കെ. പി. സി. ടി. എ–ലെയിസൺ ഓഫീസറൻമാരായി താഴെപ്പറയുന്നവരെ പ്രവർത്തകസമിതി നിയോഗിച്ചിരിക്കുന്നു. യൂണിററ് സെക്രട്ടറിമാർ ഇവരുമായി ബന്ധപ്പെടുക. കൊല്ലത്തെ ലെയ്സൺ ഓഫീസറെ അടുത്ത പ്രവർത്തക സമിതി നിശ്ചയിക്കുന്നതാണ്.

കോഴിക്കോട് സർവ്വകലാശാല

പ്രൊഫ: വി. നാരായണൻകുട്ടി
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്

കോഴിക്കോട്
ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

പി. വി. ചന്ദ്രമോഹനൻ
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

തൃപ്പൂണിത്തുറ
ഡപ്യൂട്ടി ഡയറക്ടർ ഓഫീസ്

പ്രൊഫ: കെ. കെ. രാമകൃഷ്ണൻ
എസ്. എൻ. എം. കോളേജ്
മാല്യങ്കര

തിരുവനന്തപുരം

പ്രൊഫ: ആർ. രവീന്ദ്രൻനായർ
T. C. 37/1783, ഫോർട്ട്,
പുന്നയ്ക്കൽ, തിരുവനന്തപുരം.

---

## ഫാക്കൽറ്റികളിലേയ്ക്കുള്ള സ്ഥാനാർത്ഥികൾ

കേരള യൂണിവേഴ്സിറ്റിയുടെ വിവിധ ഫാക്കൽറ്റികളിലേക്ക് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളിൽ നിന്നുള്ള തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ-എ. കെ. ജി. സി. ടി സംയുക്ത സ്ഥാനാർത്ഥികളായി താഴെപ്പറയുന്നവർ മത്സരിക്കുന്നു- ഇവരെ വിജയിപ്പിക്കുക.

### ENGLISH

PASS

Dr. S. Sreenivasan, Professor,
T. K. M. M. College Nangiarkulangara

PG

Smt M. B. Radhamoni, Professor,
Maharaja's College, Ernakulam

### PHILOSOPHY

PASS

Smt. Soumini Menon,
Professor, University Evening College
Trivandrum-695001

Smt. R. L. Rajalakshmy Amma
Professor, Maharaja's College
Ernakulam

PG

Smt. M. J. Rajamma,
Professor, University College,
Trivandrum-695001

Sri. Vijayaraghavan. Professor
Govt, Brennen College, Tellicherry.

### GEOGRAPHY

PASS

Sri. Walter Ross, Professor of
Geogrophy Govt College. Chittoor

Sri. P. J. Joseph, Professor govt.
college Chittoor

### HISTORY

PASS

Sri. K. V. John, Professor
St. Thomas College, Palai

PG

Smt. M. Soudamini, Professor of
History Womens College
Trivandrum-695001

### POLITICS

PASS

Dr. P. S. Panikkar, Professor
N S S College, Changanacherry

PG

Sri. K N. Bharathan, Professor
Maharaja's College, Ernakulam

### ECONOMICS

PASS

Sri. P. M. Thomas, Mar Thoma College
Thiruvalla

PG

Sri. Antony Joseph, Professor
Maharaja's College Ernakulam

### MATHEMATICS

PASS

Sri. K. Hareendran
Professor, S. N. College. Quilon

PG

Sri. T. K. Gopalakrishna pillai
Professor Mar Thoma College
Thiruvalla

### PHYSICS

PASS

Sri. Janardhanan Iyer, Professor
D. B. College Sasthamcottah

PG

Sri. K. C. Chacko, Professor
C M S College Kottayam

(ശേഷം 22-ാം പേജിൽ)

## ചോദ്യോത്തരം

### കോളേജിനുള്ളിൽ കോളേജ്

ഗുരുവായൂർ ലിററിൽ ഫ്ളവർകോളേജിനുള്ളിൽ ഒരു പാരലൽ കോളേജ് നടത്തുന്നുണ്ടെന്ന ആരോപണത്തെപററി യൂണിവേഴ്സിററി അന്വേഷിക്കുന്നതാണെന്ന് സിൻഡിക്കേററിനു വേണ്ടി ശ്രീ. എ. സുജനപാൽ സെനററ് മെമ്പർ ശ്രീ. പി. ഗോപാലകൃഷ്ണൻ നായർക്ക് ഉറപ്പു നൽകി.

### അഫിലിയേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നമാനേജ്മെൻറുകൾ

അഫിലിയേഷൻ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള ചിലമാനേജ്മെൻറുകൾക്ക് കോളേജുകളും കോഴ്സുകളും ഈ വർഷം ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ഗവൺമെൻറിൻെറ അനുവാദം കിട്ടിയശേഷം അവതുടങ്ങുന്നതിന് മുമ്പ് ഈ വ്യവസ്ഥകൾ പാലിക്കുന്നതിന് ഈ മാനേജ്മെൻറുകളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതാണെന്ന് വൈസ് ചാൻസലർ പ്രൊ. കെ. എ. ജലീൽ, ഡോ. പി. എസ്. പണിക്കരെ അറിയിച്ചു.

### നാൽപതുലക്ഷം രൂപയുടെ മരാമത്ത്

നടപ്പുവർഷം കാലിക്കററ് യൂണിവേഴ്സിററിയിൽ 40.46 ലക്ഷം രൂപയുടെ മരാമത്തുപണികൾ നടന്നുവരുന്നുണ്ടെന്ന് പ്രൊ. എ. കെ. രാഘവൻ നമ്പ്യാരെ അറിയിച്ചു. യൂണിവേഴ്സിററി ഇഞ്ചിനീയറിംങ്ങ് വിഭാഗം ഒരു വെള്ളാനയാണെന്ന് അദ്ദേഹം ആരോപിച്ചു.

### ഗവേണിംങ്ങ് ബോഡി-മാനേജിംങ്ങ് കൗൺസിലുകളിലേക്കുള്ള യൂണിവേഴ്സിററി പ്രതിനിധികൾ

ഗവേണിംങ്ങ് ബോഡി—മാനേജിംങ്ങ് കൗൺസിലുകൾ സംഘടിപ്പിക്കുന്നതിൻെറ മുന്നോടിയായി അവയിലേക്കുള്ള യൂണിവേഴ്സിററി പ്രതിനിധികളെ ഉടൻ തന്നെ നാമനിർദ്ദേശം ചെയ്യുന്നതാണെന്ന് ഡോ. എൻ. എസ്. വേണുഗോപാൽ സെനററിനെ അറിയിച്ചു.

### സ്ഥലംമാററ വ്യവസ്ഥകൾ പാലിക്കാൻ തയ്യാറല്ലാത്ത മാനേജ്മെൻറ്.

കോളേജദ്ധ്യാപകരുടെ സ്ഥലം മാററങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി സിൻഡിക്കേററ് ഉണ്ടാക്കിയ വ്യവസ്ഥകൾ പാലിക്കാൻ കൂട്ടാക്കില്ലെന്ന് എൻ. എസ്. എസ്. വിദ്യാഭ്യാസ സെക്രട്ടറി യൂണിവേഴ്സിററിയെ അറിയിച്ചിട്ടുണ്ടെന്നും, ഇക്കാര്യത്തിൽ വേണ്ട നിയമോപദേശം തേടികൊണ്ടിരിക്കുകയാണെന്നും ഡോ. പി. എസ്. പണിക്കരെ അറിയിച്ചു.

# കോഴിക്കോട്
# വാർ

സെനററ്യോഗം

## 1980-ലെ വാർഷിക റിപ്പോർട്ട് ചർച്ച

### പ്രൊ. ടി. അബ്ദുൽ അസീസ്

വാർഷിക റിപ്പോർട്ട് ചർച്ചയിൽ പങ്കെടുത്തു കൊണ്ട്, യൂണിവേഴ്സിററി ക്യാമ്പസിൽ അധികാരികൾ നടത്തുന്ന ചെളിവാരിഎറിയൽ അവസാനിപ്പിക്കണമെന്നും ഇത് യൂണിവേഴ്സിററിയുടെ ശോഭക്ക് മങ്ങലേൽപ്പിക്കാൻ മാത്രമേ ഉപകരിക്കൂ എന്നും അഭിപ്രായപ്പെട്ടു. യൂണിവേഴ്സിററിയെപ്പോലെയുള്ള വലിയ ഒരു സ്ഥാപനത്തിൽ കൊച്ചു കൊച്ചു തെററുകൾ സ്വാഭാവികമാണ്. അത് തിരുത്താനാണ് നാം ശ്രമിക്കേണ്ടത്. അല്ലാതെ അനഭിലഷണീയമായ രീതിയിൽ വിമർശിച്ച് യൂണിവേഴ്സിററി ഉദ്യോഗസ്ഥന്മാ

രുടെ മനോവീര്യം കെടുത്തരുത്. പിന്നോക്ക പ്രദേശമായ മലബാറിന്റെ വിദ്യാഭ്യാസപരമായ ഉന്നമനത്തിന് വേണ്ടി ഈ യൂണിവേഴ്സിററി നൽകുന്ന സേവനം വലുതാണ്. മലപ്പുറം ജില്ലയിൽ കൂടുതൽ കോളേജ്കൾ അനുവദിക്കേണ്ടതാണ്.

## പ്രൊഫ: എ. കെ. രാഘവൻനമ്പ്യർ

ഈ വാർഷിക റിപ്പോർട്ട് സ്വാഗതം ചെയ്യുന്നു. ഇത് ഒരു റെക്കാർഡ് നേട്ടമാണ്. പിന്നോക്കപ്രദേശങ്ങളിൽ കൂടുതൽ കോളേജുകൾ തുടങ്ങണം. മററ് സർവ്വകലാശാലകൾക്ക് ലഭിക്കുന്നതുപോലെയുള്ള ഗ്രാൻറുകൾ ഈ യൂണിവേഴ്സിററിക്ക് ലഭിക്കുന്നില്ല. അതുകൊണ്ട് കൂടുതൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് യൂ. ജി. സീ. യെ സമീപിക്കണം. യൂണിവേഴ്സിററിയിലെ ചില അദ്ധ്യയന

# നിവേർസിററി

# ൾ

ററ് 6, 7

വിഭാഗങ്ങൾ ഇന്ന് നടത്തുന്ന അനഭികാമ്യമായ പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം. ഡിപ്പാർട്ടുമെൻറുകൾ രാഷ്ട്രത്തിന്റെ സർവതോമുഖമായ പുരോഗതിയെ ലാക്കാക്കിക്കൊണ്ടുള്ള ഗവേഷണ പരിപാടികളിലേർപ്പെടണം. യൂണിവേഴ്സിററി ഡിപ്പാർട്ടുമെൻറുകളിൽ നടക്കുന്ന ഗവേഷണത്തെ ത്വരിതപ്പെടുത്തുന്നതിന് ഒരു പ്രത്യേക 'സെൽ' ആരംഭിക്കണം. അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നതിൽ ഇന്നുള്ള കാലതാമസം ഒഴിവാക്കണം.

## പ്രൊഫ. കെ. സുകുമാരൻനായർ

കോളേജ് ഇൻസ്പെക്ഷൻ കമ്മീഷൻ റിപ്പോർട്ടുകൾ കോളേജ്കൾക്ക് അയച്ചുകൊടുക്കണം. ഡിഗ്രി കോഴ്സുകൾക്കുകൂടി കേന്ദ്രീകൃത പരിശോധനാസമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. പ്രീഡിഗ്രി പരീക്ഷക്ക് വിശദമായ മാർക്ക്ലിസ്റ്റ് നൽകണം. ഫോക്ക്ലേർ കമ്മിററിയുടെ റിപ്പോർട്ട് ഉടൻ പ്രസിദ്ധപ്പെടുത്തണം. സെനററിൽ ചോദിക്കുന്ന ചോദ്യങ്ങൾക്ക് തെന്നിമാറുന്ന രീതിയിലുള്ള ഉത്തരങ്ങൾ നൽകരുത്. സെനററിന് നൽകുന്ന ഉറപ്പുകൾ പാലിക്കപ്പെടണം. സ്വകാര്യമാനേജ്മെൻറുകളെക്കൊണ്ട് അഫിലിയേഷൻ വ്യവസ്ഥകൾ അനുസരിപ്പിക്കാൻ വേണ്ട സത്വരനടപടികൾ കൈക്കൊള്ളണം.

## പി. ഗോപാലകൃഷ്ണൻനായർ

മാനേജ്മെൻറുകൾ നടത്തുന്ന സ്ഥലംമാററ കല്പനകൾകൊണ്ട് സ്വകാര്യകോളേജുകളിലെ അദ്ധ്യാപക– അനദ്ധ്യാപക ജീവനക്കാർ അനുഭവിക്കുന്ന ദുരിതം വളരെ വലുതാണ്. അദ്ധ്യാപകരുടെ സംഘടനാപ്രവർത്തനത്തെ ടോർപ്പിഡോ ചെയ്യുന്നതിന് ചില മാനേജ്മെൻറുകൾ മുതിരുന്നുണ്ട്. കോർപ്പറേററ് മാനേജ്മെൻറുകൾ, വിശിഷ്യ എൻ. എസ്. എസ് മാനേജ്മെൻറ് യൂണിവേഴ്സിററി നിർദ്ദേശങ്ങളെ കാററിൽ പറത്തുകയാണ്. അഫിലിയേഷൻ വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജ്മെൻറ് ഏതായാലും മുഖംനോക്കാതെ ശക്തമായ നടപടി കൈക്കൊള്ളണം. ഗുരുവായൂർ ലിററിഫ്ളവർ കോളേജിനെ പററി നിരവധി പരാതികളുണ്ട് വിദ്യാർത്ഥി പ്രവേശനത്തിന് ഭീമമായ തുക കോഴവാങ്ങുന്നു. കോളേജിനുള്ളിൽ പാരലൽ കോളേജ് നടത്തുന്നു. അവിടെ പണിയെടുക്കുന്ന അദ്ധ്യാപികമാർക്ക് സംഘടനാസ്വാതന്ത്ര്യം പോലും നിഷേധിച്ചിരിക്കുകയാണ്. യൂണിവേഴ്സിററി നിർദ്ദേശങ്ങൾ പാലിക്കാൻ വൈമനസ്യം കാട്ടുന്ന മാനേജ്മെൻറുകൾക്ക് കോളേജുകളും കോഴ്സുകളും കൊടുക്കാനുള്ള യൂണിവേഴ്സിററിയുടെ നീക്കത്തിൽ അദ്ദേഹം ഉൽക്കണ്ഠരേഖപ്പെടുത്തി. തൃശൂരിലെ വിമല, സെൻറ് മേരീസ് കോളേജ്കളിലെ അദ്ധ്യാപികമാരെക്കൊണ്ട് ആഴ്ചയിൽ 6 ദിവസവും ജോലി ചെയ്യിക്കുന്നതായി പരാതിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

## ഡോ. പി. എസ്. പണിക്കർ

വാർഷിക റിപ്പോർട്ട് പൊതുവിൽ സ്വാഗതം ചെയ്യുന്നു; എന്നാൽ പല ന്യൂനതകളും ചൂണ്ടിക്കാട്ടാനുണ്ട്. അഫിലിയേററഡ് കോളേജുകളുടെ പ്രവർത്തനത്തെപ്പററി വിശദമായി ഈ റിപ്പോർട്ടിൽ ഒന്നും പറയുന്നില്ല. അഫിലിയേററഡ് കോളേജുകളുടെ പ്രവർത്തനത്തെപ്പററി വൈസ്ചാൻസലർ ഓരോ നാലു വർഷം കൂടുമ്പോഴും ഗവൺമെൻറിലേക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ആക്ടിൽ വ്യവസ്ഥയുണ്ട്. എന്നാൽ 1968–ൽ തുടങ്ങിയ ഈ യൂണിവേഴ്സിററിയിൽ അതുണ്ടായതായി അറിവില്ല. മാനേജ്മെൻറുകളുടെ തോന്നിവാസമാണിവിടെ നടക്കുന്നത്. സ്ഥലം മാററങ്ങൾ കൊണ്ട് സ്വകാര്യകോളേജദ്ധ്യാപകർ വളരെയേറെ പീഠനം അനുഭവിക്കുന്നുണ്ട്. യൂണിവേഴ്സിററിക്കുള്ള നിർദേശങ്ങൾ മാനേജ്മെൻറുകൾ ലവലേശം വകവയ്ക്കുന്നില്ല. C. M. C മാനേജ്മെൻറ് (തൃശൂർ സെൻറ് മേരീസ്, വിമല, മെഴ്സി കോളേജുകൾ) സ്ററാററ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അദ്ധ്യാപകരെക്കൊണ്ട് ബോണ്ടുകളിൽ ഒപ്പിടുവിക്കുന്നുണ്ട്. യൂണിവേഴ്സിററി ഇതിനെപ്പററി അന്വേഷിച്ച് വേണ്ട നടപടികളെടുക്കണം.

## പ്രമേയങ്ങൾ

### സർവീസ്ബ്രേക്ക് ഒഴിവാക്കണം.

“ഉന്നത ബിരുദം നേടാൻ വേണ്ടി ഉപയോഗിച്ച കാലം, നിലവിലുള്ള അദ്ധ്യാപകരുടെ പ്രമോഷൻ കാര്യം പരിഗണിക്കുമ്പോൾ സർവീസ് ബ്രേക്കായി പരിഗണിക്കരുതെന്ന് ഈ യോഗം അധികൃതരോട് അഭ്യർത്ഥിക്കുന്നു”. (പ്രൊഫ. എ. കെ. രാഘവൻ നമ്പ്യാർ) വളരെയേറെ അദ്ധ്യാപകരെ ആദ്യം ട്യൂട്ടർ/ഡെമോൺസ്ട്രേട്ടർമാരായാണ് നിയമിച്ചു വന്നത്. അവർ പിന്നീട് യോഗ്യത മെച്ചപ്പെടുത്തുന്നതിന് ഉപരി വിദ്യാഭ്യാസത്തിന് പോയി. ഈ കാലയളവ് സർവീസ് ബ്രേക്കായി പരിഗണിച്ചു വരുന്നു. ഇത് വലിയ ഒരു അനീതിയാണ്. അതുകൊണ്ട് ഈ കാലം കൂടി പ്രൊമോഷന് കണക്കിലെടുക്കണമെന്ന് പ്രൊഫ. എ. കെ. രാഘവൻ നമ്പ്യാർ ആവശ്യപ്പെട്ടു. ഡോ. പി. എസ്. പണിക്കർ പ്രമേയത്തെ പിൻതാങ്ങി. പ്രൊഫ. ടി. അബ്ദുൽ അസീസും പിൻതാങ്ങിക്കൊണ്ട് സംസാരിച്ചു. സിൻഡിക്കേററിനു വേണ്ടി പ്രമേയം അംഗീകരിക്കുന്നതായി പ്രൊഫ. വി. നാരായണൻകുട്ടി പ്രഖ്യാപിച്ചു. സാമ്പത്തികബാധ്യത ഉൾക്കൊള്ളുന്നതായതുകൊണ്ട് ഗവൺമെൻറിൻെറ അംഗീകാരം തേടാൻ ശ്രമിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകി.

### അഫിലിയേഷൻ വ്യവസ്ഥകൾ ലംഘിക്കുന്ന മാനേജ്മെൻറുകളുടെമേൽ നടപടി

“കാലിക്കററ് യൂണിവേഴ്സിററിയുടെ കീഴിൽ അഫിലിയേഷൻ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള മാനേജ്മെൻറുകളുടെമേൽ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നും അങ്ങനെയുള്ള മാനേജ്മെൻറുകൾ നടത്തുന്ന കോളേജുകൾക്ക് യൂണിവേഴ്സിററി യാതൊരാനുകൂല്യവും നൽകരുതെന്നും സെനററിൻെറ ഈ യോഗം സിൻഡിക്കേററിനോടഭ്യർത്ഥിക്കുന്നു.” (ഡോ. പി. എസ്. പണിക്കർ) ആക്ററ്, സ്ററാററ്യൂട്ടുകൾ, ഓർഡിനൻസുകൾ, അഫിലിയേഷൻവ്യവസ്ഥകൾ എന്നിവ മാനേജ്മെൻറുകളെക്കൊണ്ട് അനുസരിപ്പിക്കാമെന്ന് സിൻഡിക്കേററ് ഉറപ്പുനൽകിയിട്ടുണ്ട്. എന്നാൽ പലമാനേജ്മെൻറുകളും ഇവ ലംഘിക്കുന്നതിന് കച്ചകെട്ടിയിരിക്കുകയാണ്. ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിലുകൾ രൂപീകരിക്കാൻ പല മാനേജ്മെൻറുകളും തയ്യാറായിട്ടില്ല. മാനേജിംഗ്കൗൺസിൽ രൂപീകരിച്ചെന്ന് മുൻ കൊല്ലങ്ങളിൽ പറഞ്ഞിട്ടുള്ള എസ് എൻ. മാനേജ്മെൻറ് ഇപ്പോൾ പിന്നോട്ട് പോയിരിക്കുകയാണ്. എൻ. എസ്. എസ് മാനേജ്മെൻറാകട്ടെ ധാർഷ്ട്യത്തോടെ ഇതിനെ ധിക്കരിച്ചിരിക്കുകയാണ്. കോളേജ്കൗൺസിലുകൾ രൂപീകരിക്കാൻ തയ്യാറാകാത്ത മാനേജ്മെൻറുകളുമുണ്ട്. ചട്ടപ്രകാരമുള്ള ഇത്തരം സമിതികൾ രൂപീകരിക്കാത്ത മാനേജ്മെൻറുകൾക്ക് യാതൊരാനുകൂല്യവും നൽകരുത്. ഇൻഡ്യയിലെ കോളേജുകളിൽ 30% ‘സിക്ക്’ കോളേജുകളാണെന്ന് യു-

ജി. സി. യുടെ ഒരു രേഖയിൽ പറയുന്നു. എന്നാൽ കേരളത്തിലെ കോളേജുകളിൽ "സിക്ക്" കോളേജുകളുടെ ശതമാനം ഇതിലും കൂടുതലാണ്. ഈ കാര്യത്തിൽ യൂണിവേഴ്സിററി ഇൻസ്പെക്ഷൻ കമ്മീഷൻ ഇനി കോഴ്സുകൾ കൊടുക്കരുതെന്ന് ശുപാർശ ചെയ്തിട്ടുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകൾ കൊടുക്കരുതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രമേയം അംഗീകരിച്ചതായി സിൻഡിക്കേററിനുവേണ്ടി എച്ച്. കെ. പിഷാരടി അറിയിച്ചു.

"കാലിക്കററ് യൂണിവേഴ്സിററി ഫസ്ററ് സ്ററാററ്യൂട്ട്" 1979-ലെ 22, 23, സെക്ഷനുകളിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ ഗവേണിംഗ് ബോഡികളും, മാനേജിംഗ് കൗൺസിലുകളും രൂപീകരിക്കാത്ത മാനേജുമെൻറുകളുടെമേൽ ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും, അങ്ങനെയുള്ള മാനേജുമെൻറുകൾ നടത്തുന്ന കോളേജുകൾക്ക് യൂണിവേഴ്സിററി യാതൊരാനുകൂല്യവും നൽകരുതെന്നും സെനററിൻെറ ഈ യോഗം സിൻഡിക്കേററിനോടഭ്യർത്ഥിക്കുന്നു". എന്ന ശ്രീ. യു കലാനാഥൻെറ പ്രമേയവും സഭ അംഗീകരിച്ചു.

## NSS മാനേജുമെൻറിൻെറ പിരിവിനെപ്പററി അന്വേഷണം.

എൻ. എസ്സ്. എസ്സ്. മാനേജുമെൻറ് സമസ്തകേരള നായർ മഹാസമ്മേളനത്തോടനുബന്ധിച്ച് തങ്ങളുടെ കോളേജുകളിലെ അദ്ധ്യാപകരിൽനിന്ന്, നിർബന്ധിത പണപ്പിരിവ് നടത്തിയതിനെപ്പററി എൻ. എസ്സ്. എസ്സ്. കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ കൗൺസിൽ നൽകിയട്ടുള്ള പരാതിയെപ്പററി അന്വേഷിക്കുന്നതിന് 18-9-81-ന് കൂടിയ കാലിക്കററ് യൂണിവേഴ്സിററി സിൻഡിക്കേററ് യോഗം സിൻഡിക്കേററ്മെമ്പർ ശ്രീ. എച്ച്. കെ. പിഷാരടിയെ ചുമതലപ്പെടുത്തി.

Amendment to Calicut University First-statutes1979

(Conditions of service of teachers and members of Non-teaching staff) Moved by Prof. V. Narayanankutty on behalf of the syndicate and seconded by Prof. R. R. C. Nair.

That under Chapter 2, Statute 12, the following note will be incorporated
Note: A weightage of one year, subject to a maximum of ten years, will be given for every year of approved service put in by a person in a college affiliated to a Statutory University in India or aided or Government School within the State of Kerala and a weightage of one year subject to a maximum of three years will be given for every year of iapproved full time research experience n an approved research institution.

This amendment will be deemed to have come into force from 19th April 1979.

The House accepted the amendments without much discussion.

---

അടുത്തലക്കം
ജേർണലിൽ

**സർവ്വകലാശാലാ ആട്ടോണമി**

—ചർച്ച ആരംഭിക്കുന്നു.

*K. S. R.* പഠനക്കുറിപ്പുകൾ

തയ്യാറാക്കുന്നത്

**പ്രൊഫ. ടി. ഗോപാലകൃഷ്ണൻ**

---

(8–ാം പേജിന്റെ തുടർച്ച)

(b) ഭാഷയ്ക്കു പുറമെ ഗണിതം, ഭൗതികം, രസതന്ത്രം, ജീവശാസ്ത്രം, ഭൂമിശാസ്ത്രം, ചരിത്രം, സാമ്പത്തികശാസ്ത്രം, തകൈവേലകൾ... മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നു.

നമ്മുടെ നാട്ടിലെ പ്രാഥമിക, ദ്വിതീയക, തൃതീയക മേഖലകളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അവയ്ക്കാവശ്യമായ ഗണിതം എന്താണ്? ഭൗതികം എന്താണ്? രസതന്ത്രം എന്താണ്? ജീവശാസ്ത്രം എന്താണ്? ആർക്കാണറിയുക? ഈ മേഖലകളിലെല്ലാം പ്രവർത്തനങ്ങളിൽനിന്ന് വളരെക്കാലമായി വേർപെട്ടു നില്ക്കുന്ന നമ്മുടെ പണ്ഡിത സമൂഹത്തിന് ഇന്നുള്ള ധാരണകൾ വളരെ വികലമായിരിക്കും.

## ഒരു പുതിയ ഗവേഷണം

ഇങ്ങനെ ഒരു ഗവേഷണ പരമ്പര ആരംഭിക്കാമോ? നമ്മുടെ നാട്ടിൽ ഗണിതം കൈകാര്യം ചെയ്യുന്ന കുറെ സ്കൂൾ അധ്യാപകരും കോളജ് അധ്യാപകരും എല്ലാം ചേർന്ന് നടേ പറഞ്ഞ സാമ്പത്തിക–സാമൂഹ്യമേഖലകളിൽ ഓരോന്നിലും ഇന്നുപയോഗിക്കപ്പെടുന്ന ഗണിതം എന്ത്? അതിന്റെ അടിസ്ഥാനാംശങ്ങൾ എന്ത്? വരുന്ന 10–15 കൊല്ലത്തിനുള്ളിൽ ഈ പ്രവർത്തനങ്ങളിൽ എന്തെന്തു മാററങ്ങൾ വന്നേക്കാം? അവ വരുത്തുന്നതിനും മുന്നോട്ടു നയിക്കുന്നതിനും ആവശ്യമായ ഗണിതം എന്ത്? പ്രൈമറി സ്കൂളിൽ പഠിപ്പിക്കേണ്ടതെന്ത്? ഏതേത് ഘട്ടങ്ങളിൽ ഏതേതിനുള്ള അടിത്തറയാണ് ഉറപ്പിക്കേണ്ടത്. ഇത്തരം ഒരന്വേഷണം നടത്തണം. ഈ അന്വേഷണം സെററ് തിയറിയിലേക്ക് നയിക്കുമോ ഇല്ലയോ? കൂട്ടു പലിശയിലേക്കും ലാഭവീതത്തിലേക്കുമാണോ നയിക്കുക? അന്വേഷണം നടത്തിയാലേ അറിയാനാകൂ. വിശദാംശ ഗവേഷണപ്രയത്നത്തെ മറികടക്കാൻ ഒരു കുറുക്കുവഴിയും ഇല്ല.

ഇത്തരത്തിലുള്ള വിശദാംശ ഗവേഷണം മററുള്ള വിഷയങ്ങൾക്ക് ഓരോന്നിനും നടത്തണം. ഇങ്ങനെ കിട്ടുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലല്ലാതെ പുതിയൊരു വിദ്യാഭ്യാസ സംവിധാനത്തിന് രൂപംകൊടുക്കുവാൻ നമുക്കെങ്ങനെ സാധിക്കും? (അതോ 'സാർവ്വലൗകിക ശരാശരി' മതിയോ?)

### സാംസ്കാരിക വൈപരീത്യം

അതുപോലെ എന്താണ് മാനവസംസ്കാര വൈപരീത്യം? എന്താണ് 'ഇന്ത്യൻ' സംസ്കാരം? അങ്ങനെ ഒന്നുണ്ടോ? എന്താണ് കേരള സംസ്കാരം? എങ്ങനെയാണ് നാം ജീവിക്കുന്നത്? ഇക്കാര്യങ്ങളെല്ലാം പണ്ഡിതമാന്യന്മാരുടെ ചർച്ചയ്ക്കുള്ള വിഷയങ്ങളല്ല. ദൈനംദിന ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നവയാണ്. വിദ്യാഭ്യാസത്തിൽ ഇവ എങ്ങനെ പ്രതിഫലിപ്പിക്കണം? എളുപ്പത്തിൽ ഉത്തരം കിട്ടാവുന്ന ഒരു ചോദ്യമല്ല ഇത്.

എന്താണ് ഇന്നത്തെ ഇന്ത്യൻ സമൂഹം? ബഹുജനങ്ങളുടെ വികാരങ്ങളെ, അഭിവാഞ്ഛകളെ നമ്മുടെ വിദ്യാഭ്യാസം എങ്ങനെ പ്രതിഫലിപ്പിക്കുന്നു. എല്ലാവരും സോഷ്യലിസം വേണം എന്നു പറയുന്നു. എന്താണ് സോഷ്യലിസം? ഏതു മൂല്യങ്ങളെ വിലമതിക്കാനാണ് നാം പഠിപ്പിക്കുന്നത്? മുതലാളിത്ത വിദ്യാഭ്യാസമാണ് ഇവിടെ നൽകുന്നതെന്ന് ആക്ഷേപിക്കാറുണ്ട്. എന്താണിതിനർഥം? സോവിയററ് യൂണിയനിലും അമേരിക്കയിലും പഠിപ്പിക്കുന്ന ഭൗതികം രണ്ടും രണ്ടാണോ? രസതന്ത്രം വ്യത്യസ്തങ്ങളാണോ? ഗണിതങ്ങൾ വിരുദ്ധങ്ങളാണോ? അങ്ങനെ നോക്കുന്നതിൽ അർഥമില്ലെന്ന് നമുക്കറിയാം. പിന്നെവിടെയാണ് നമ്മുടെ വിദ്യാഭ്യാസത്തിൽ മുതലാളിത്തത്തിന്റെ അംശം ഉള്ളത്.

വിദ്യാഭ്യാസത്തെ ഒരു കച്ചവടച്ചരക്കാക്കുന്നു എന്നതിലാണോ? അത് മാത്രമാണോ? അല്ല.

ഉയർന്ന വിദ്യാഭ്യാസവും പ്രതിഭയും മാത്രം മതിയോ സാമ്പത്തികമായി മുന്നേറാൻ? പോരാ, മേൽക്കീഴ് അംഗീകരിക്കുന്നത്, ഛിന്നഭിന്നമായത്, അന്യവത്കൃതമായത് – ഇതാണ് നമ്മുടെ വിദ്യാഭ്യാസം.

സാമൂഹ്യവസ്ഥ മാറുന്നതുവരെ എല്ലാം ഇങ്ങനെ ആയിരിക്കുമെന്നു പറഞ്ഞ് സമാധാനിക്കുകയാണോ വേണ്ടത്? സാമൂഹ്യ വ്യവസ്ഥ മാററുന്നതിൽ വിദ്യാഭ്യാസത്തിന് (നിലവിലുള്ളതിനെ നിലനിർത്താൻ ശ്രമിക്കുന്ന വിദ്യാഭ്യാസമല്ല, മാററാൻ ശ്രമിക്കുന്നതിന്) എന്തു പങ്കുവഹിക്കാൻ കഴിയും? അതിൽ അധ്യാപകരുടെ പങ്കെന്ത്? സോഷ്യലിസ്ററ് വിപ്ലവം കഴിഞ്ഞ് പാഠപുസ്തകമാക്കിയതിനുശേഷം മാത്രം പഠിപ്പിക്കാനുള്ളതാണോ വിപ്ലവസിദ്ധാന്തങ്ങൾ? ആലോചിക്കാനുള്ള കാര്യങ്ങളാണ്. ബൂർഷ്വാധന തത്വശാസ്ത്രം സിലബസിൽചേർത്തതിനെ അപലപിക്കണോ അതിനെ വിമർശിക്കാനുള്ള സന്ദർഭം ഉപയോഗിക്കണോ? പാലിൽ വെള്ളം ചേർക്കുന്ന്, രണ്ടുതരം ചായപ്പൊടികൾ കൂട്ടി ചേർക്കുന്ന കണക്ക്, അതിൻെറ സാമൂഹ്യപശ്ചാത്തലത്തെ വിവരിയ്ക്കാൻ ഉപയോഗിച്ചു കൂടെ?

സൈദ്ധാന്തികവും സാങ്കേതികജഡിലവുമായ കുറെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയായിരുന്നില്ല, നേരത്തെ പറഞ്ഞപോലെ ലക്ഷ്യം. മാമൂൽവിട്ട് ചിന്തിക്കാൻ നമുക്കു കഴിയണം.. അത്ര എളുപ്പമല്ല.

(എ കെ. പി. സി. ടി. എ. സുവനീർ 1980)

---

## ജില്ലാ കളക്ടറേററുകൾക്കുമുമ്പിൽ കൂട്ടധർണ്ണ

ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ സർക്കാർ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ടും, ഉടൻതന്നെ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും ഒക്ടോബർ 31 ന് എല്ലാ ജില്ലാകേന്ദ്രങ്ങളിലും വമ്പിച്ച കൂട്ടധർണ്ണ നടത്താൻ സമരസമിതി തീരുമാനിച്ചിരിയ്ക്കുന്നു.

ധർണയും ഭാവിപരിപാടികളും വിജയിപ്പിയ്ക്കുന്നതിനുവേണ്ടി ജില്ലാ സമരസമിതികൾ ഒക്ടോബർ 18 ന് യോഗംചേരും, സമരസമിതി പ്രതിനിധികൾ ഈ യോഗങ്ങളിൽ പങ്കെടുക്കുന്നതാണ്.

## പ്രവർത്തകസമിതിയോഗം

(സെപ്ത: 20)

പ്രമേയങ്ങൾ

രണ്ടാംഗ്രേഡ് (NC) പ്രൊഫസർ പ്രൊമോഷന് 13കൊല്ലമായി കുറച്ചപ്പോ ൾ 'റീഓപ്ഷൻ' വേണ്ടവർക്ക് അനുവദിയ്ക്കുക.

യോഗ്യത മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസത്തിന് പോയവർക്ക് സർവ്വീസ് ബ്രേക്ക് കാലപരിധികൂടാതെ 'കൺഡോൺ' ചെയ്യുക.

സർവ്വീസിൽ ചേർന്നതിനുശേഷം മിനിമം യോഗ്യത മെച്ചപ്പെടുത്തുന്നതിന് പോയ അധ്യാപകർക്ക് ആ കാലം സർവ്വീസായി പരിഗണിക്കണമെന്ന യൂണിവേർസിററി നിർദ്ദേശം അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുക.

55 വയസ് ഓപ്ററ് ചെയ്തവർക്ക് പെൻഷനിലുണ്ടായ ആനുപാതിക വർദ്ധനവ് 60 വയസ് ഓപ്ററു ചെയ്തവർക്കും അനുവദിക്കണമെന്നും 60 ഓപ്ററു ചെയ്തവർ 55 എത്തുന്നതിനു മുമ്പു മരണപ്പെട്ടാൽ 55 ഓപ്ററു ചെയ്തതായി കണക്കാക്കി റിട്ടയർമെൻറാനുകൂല്യങ്ങൾ കൊടുക്കണമെന്നും സെനററ് തീരുമാനിച്ചിട്ടുള്ളതിനെ അംഗീഗരിച്ച് ഉത്തരവു പുറപ്പെടുവിയ്ക്കുക.

---

## ജില്ലാപ്രവർത്തന റിപ്പോർട്ടുകൾ

എല്ലാ മാസവും 5—ാം തീയതിക്കകംജില്ലാസെക്രട്ടറിമാർ പ്രവർത്തനറിപ്പോർട്ടുകൾ ജേർണലിലേയ്ക്ക് അയയ്ക്കുക.

UNIVERSITY OF KERALA.

Trivandrum,
28th September, '8

No: Ac, FII. 1. Misc./81.

From

THE REGISTRAR.

To

The Principals of All Affiliated Private Arts and Science Colleges.

Sub: Appointment of Junior Lecturers in Private Colleges-Reporting of by the Principals to the University for approval-regarding-

Ref: Item No: 93 (7) of the Minutes of the Meeting of the Syndicate held on 18th August, 1981.

Sir/Madam,

I write to inform you that the Syndicate at its meeting held on 18th August, 1981 noted that considerable delay is being caused in reporting to the University the various appointments made in private colleges against the posts of Junior Lecturers for getting University's approval. Hence, to avoid this, the Syndicate decided that the Principals of all colleges may be directed to forward the relevant proposals (with all the required documents) to the University (for getting appointments approved) within one month from the date on which the teachers appointed join duty in the Colleges.

I request you to comply with the above dceision of the Syndicate.

Yours faithfully,

Sd/-
REGISTRAR

---

# ഏ. കെ. ജി. സി, ടി. ഭാരവാഹികൾ

പ്രസിഡൻറ്:

പി. എം. മധുസൂദനൻ

വൈസ് പ്രസിഡൻറ്:

കെ. പി. സ്ററാലിൻ

ജനറൽ സെക്രട്ടറി:

ടി. വി. ബാലൻ

സെക്രട്ടറിമാർ:

പി. ജേക്കബ്ബ് മാത്യു

പി. കെ. മാധവൻനായർ

ട്രഷറർ

കെ. ഇബ്രാഹിംകുട്ടി

GOVERNMENT OF KERALA

**Abstract**

Panchayat Committees – Private College teachers elected as members of Panchayats – Speciel casual leave for attending the meeting sanctioned - orders issued.

---

LOCAL ADMINISTRATION AND SOCIAL WELFARE (H) DEPARTMENT

G. O. MS 138/81/LA&SwD Dated, Trivandrum, 27th July, 1981

---

*Read :* Letter No. C1 77032/79 dated 21-12-1979 from the Director of Panchayats.

ORDER

There are many members of panchayats who are teachers of private colleges. At present, these teachers have to avail casual leave or any other kind of leave admissible to them for attending the panchayat committee meetings. The Director of Panchayats in his letter read above has stressed the necessity to grant them duty leave for attending the meetings Government have examined the matter and are pleased to order that those private college teachers who are elected as members of panchayats will be granted specia casual leave not exceeding 10 days in an year, i. e. one per month, for attending the meetings of panchayat committees.

By Order of the Governor
M. K. SAMBAN
Deputy Secretary to Government.

To

The Director of Panchayats.
The Director of Collegiate Education.
The Registrar of Universities (with C/L)
The Higher Education Department.
The Finance Department.
All District Panchayat Officers.
The Private Secretary to Minister (L. A)
The Private Secretary to Minister (Edn.)
The C. A. to Spl. Secretary (L. A)

UNIVERSITY OF KERALA

No. Ac. FII. 1. Misc./81.

Trivandrum,
28th September, '81.

From

THE REGISTRAR.

To

The Principals and Managers of All Affiliated Private Arts and Science Colleges.

Sub: Private Colleges—promotion of teachers to cadre posts (Professors Grade I and Grade II) provided for in the staff pattern prescribed in the University I Ordinances, 1978—regarding.

Ref: Item No. 93 (8) of the Minutes of the meeting of the Syndicate held on 18th August, 1981.

Sir / Madam:

I write to inform you that the Syndicate at its meeting held on 18th August, 1981 has decided that the present formality of giving the University's sanction for the creation of the post of cadre Professor Grade II and Grade I in newly formed Degree and Post-Graduate Departments, as the case may be, may be dispensed with and all promotions/appointments consistent with the staff pattern prescribed in the I Ordinances, 1978 may be approved (by the University) provided that the appointment is not made retrospectively and that it is made only with effect from the date of sanctioning of the new course or with effect from a date subsequent to it.

The above decision of the Syndicate may be noted for information and necessary action.

Yours faithfully,
Sd/-
REGISTRAR

---

# പ്രതിഷേധദിനം

കോളേജധ്യാപക സംയുക്ത സമരസമിതിയുമായി ഗവൺമെൻറുണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നതിൽ പ്രതിഷേധിച്ച്, സെപ്റ്റംബർ 30–ാം തീയതി എല്ലാ എ. കെ. പി. സി. ടി. എ. ബ്രാഞ്ചുകളും പ്രതിഷേധ ദിനമായി ആചരിച്ചു. അന്ന് ക്ലാസ്സുകൾ ആരംഭിക്കുന്നതിനുമുമ്പ് എ. കെ. പി. സി ടി. എ പ്രവർത്തകർ മുദ്രാവാക്യം മുഴക്കി പ്രകടനം നടത്തി. ക്ലാസ്സുകൾക്കുശേഷം ചേർന്ന പ്രതിഷേധ യോഗങ്ങൾ ഒത്തുതീർപ്പു വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിദ്യാഭ്യാസമന്ത്രിയ്ക്ക് കമ്പിസന്ദേശങ്ങൾ അയച്ചു.

എ. കെ. പി. സി. ടി. എ.

എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ–ഓർഡിനേഷൻ

# മാനേജ്മെൻറ് പടിക്കൽ ഉപവാസസത്യാഗ്രഹം

എൻ. എസ്. എസ്. മാനേജ്മെൻറ് നടത്തുന്ന അന്യായമായ സ്ഥലം മാററങ്ങളിൽ പ്രതിഷേധിക്കുന്നതിനും, സ്ഥലംമാററങ്ങൾക്ക് തത്വങ്ങൾ ആവിഷ്കരിക്കുന്നതിനു് മാനേജ്മെൻറിനെ പ്രേരിപ്പിക്കുന്നതിനുമായി നവംബർ മാസത്തിൽ എൻ. എസ്. എസ്. ഹെഡ്ഓഫീസിനു മുമ്പിൽ എ. കെ. പി. സി. ററി. എ. യുടെ അനുവാദത്തോടുകൂടി ഒരു ദിവസത്തെ ഉപവാസ സത്യാഗ്രഹവും, പ്രകടനവും പൊതുയോഗവും നടത്തുന്നതിന് 4-10-81 ൽ എറണാകുളത്തു ചേർന്ന എൻ. എസ്. എസ്. കോളേജ് ടീച്ചേർസ് കോ–ഓർഡിനേഷൻ കൗൺസിലിൻെറ ജനറൽ ബോഡി തീരുമാനിച്ചിരിക്കുന്നു.

ഒഴിവില്ലാത്ത സ്ഥലങ്ങളിലേക്ക് അദ്ധ്യാപകരെ സ്ഥലംമാററി ദ്രോഹിക്കുന്നതിലും, പ്രിൻസിപ്പലൻമാരും, തൽപരകക്ഷികളും നൽകുന്നവ്യാജറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ സ്ഥലംമാററുന്ന മാനേജ്മെൻറ് നയത്തിലും യോഗം ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി.

---

## പ്രൊഫ. ചെല്ലമ്മാൾ സേതുരായർ സർവീസിൽ നിന്നു വിരമിച്ചു

22 വർഷത്തെ സുദീർഘമായ സേവനത്തിനുശേഷം പ്രൊഫസർ ചെല്ലമ്മാൾ സേതുരായർ കരമന എൻ. എസ്. എസ്. കോളേജിൽ നിന്നും വിരമിച്ചു. അനുകരണീയമായ സ്വഭാവസവിശേഷതകളുടെ ഉടമയാണ് പ്രൊഫസർ.

വർഗതാല്പര്യത്തിനു മുമ്പിൽ പ്രേരണകൾക്കു വഴങ്ങാത്ത വ്യക്തിത്വവും, നിസ്വാർത്ഥമായ സേവനവും അവരെ ആരാധ്യയാക്കുന്നു. കോളേജിലെ 'ഹോംസയൻസ് വിഭാഗം' വളർത്തിയെടുക്കുന്നതിൽ അവർ നൽകിയിട്ടുള്ള സേവനം വിലപ്പെട്ടതാണ്.

പ്രൊഫസർ ചെല്ലമ്മാൾ സേതുരായർക്ക് എ. കെ. പി. സി. ടി. എ യുടെ ആശംസകൾ.



(11-ാം പേജിൽ നിന്ന്)

CHEMISTRY

PASS

Sri, K. N. J, Kartha, Professor
S. N. College, Shertallai
Sri. George Varghese, Professor
University College, Trivandrum

BOTANY

PASS

Prof. Joseph T. Puthenpura,
Professor, Department of Botany
Nirmala College, Muvattupuzha
Prof. L. Ushadevi, Professor
Department of Botany, University
College, Trivandrum

PG

Prof. K. G. K Pillai, Professor
S. D. College Alleppy
Prof. Shirly chandran, Professor
Maharajas College Ernakulam

ZOOLOGY

PASS

Prof. K. R. Prasad,
Professor, Department of
Zoology,
Maharajas College, Ernakulam

Prof. C. M. Mathew,
Professor, Department of
Zoology,
Baselius College, Kottayam

PG

Prof. T. M. Joseph,
Professor,
St. Thomas College,
Kozhencherry

STATISTICS

Prof A. G. Sreedhara Panicker,
Professor, N. S. S. College,
Pandalam

PG

Prof. K. N. Venugopal,
Principal, Government College,
Pattambi

HOME SCIENCE

PASS

Prof. Padmakumari,
Professor, N. S. S. College for Women
Karamana.

PG

Prof. Sirina Abdul Hussain,
Professor of Home Science,
S. N. College for women, Quilon

SANSKRIT

PASS

Sri. K. G. Raman Pillai,
M. G. College' Trivandrum
Sri. Sahashra Namam
Maharaja's College, Ernakulam

PG

Prof' K. G. Paulose,
Professor of Sanskrit Govt. College,
Pattambi,

MALAYALAM

PASS

Sri. O. N. V. Kurup,
Professor of Malayalam'
University College, Trivandrum

Sri S. K. Vasanthan
Professor of Malayalam,
S. S. College Kalady

PG

Prof. K. Kumaran Nair
Head of the Post Graduate
Dept, of Malayalam
Catholicate College
Pathanamthitta

Prof. A. Nabeeza Ummal
Head of the Postgraduate
Dept. of Malayalam
University College, Trivandrum

TAMIL

PASS

R. Harihara Subramonia IYer,
Professor of Tamil,
Government Arts College,
Trivandrum

Professor N. Rajagopalan
Professor of Tamil,
Government College
Chittur, Palghat

PG

Professor V. Vinayagaperumal,
Professor and Head of the Dept. of Tamil
University College, Trivandrum

HINDI

PASS

Sri. K. K. Krishnan Namboodiri
Head of the Dept. of Hindi,
College for wemen, Trivandrum

Snri P. U. Uthup, Department of Hindi
Baseliu's College, Kottayam

PG

Prof, P. Rethidevi Amma,
Professor and Head of the Dept. of Hindi,
University College, Trivandtum

MUSIC

PASS

prof. K. Sarojini Amma
(Professor, college for Women)
Parur House, Forest office Lane
Vazhuthacaud, Trivandrum

Smt. L. Padma, Lecturer,
College for Women Trivandrum

COMMERCE

Prof. K. Gopala pillai, Professor
Department of commerce,
N. S. S. College, Sherthallai

PG

Prof. C. K. Bharatha Varma
Professor. Department of commerce
S. D. College, Alleppy

Prof. O. K Sreedharan, Professor
Department of Commeree,
Arts College, Trivandrum

GEOLOGY

PASS

Sri. P. Krishnan Nair, Professor of
Geology, Govt college, Kottayam

Sri. G. Gopalakrishnan,
Department of Geology,
Engineering college, Trivandrum

PG

ISLAMIC HISTORY

PASS

Sir. Abdul Karim, Professor
Maharajas college, Ernakulam

## കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പ്

### മെഴ്സി കോളേജ്

പാലക്കാട് മെഴ്സി കോളേജിൽ, കൗൺസിലിലേക്ക് ഇദംപ്രഥമമായി നടന്ന തെരഞ്ഞെടുപ്പിൽ എ. കെ. പി സി ടി എ. പ്രതിനിധികൾ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. പ്രൊഫ. കെ. പി. ജാനകിക്കുട്ടി, ശ്രീമതി കെ. പി. രാധ എന്നിവരാണ് വിജയികൾ മാനേജുമെന്റിന്റെ ശിങ്കിടികളായി മത്സര രംഗത്തുവന്നവർ ദയനീയമായി പരാജയപ്പെട്ടു.

### ഒററപ്പാലം കോളേജ്

ഒററപ്പാലം എൻ. എസ്. എസ്. കോളേജിലും എ. കെ, പി. സി. ടി. എ, വൻവിജയം നേടി. എ. കെ. പി. സി. ടി. എ പ്രവർത്തകരെ ആകെ സ്ഥലം മാററി കോളേജ് 'ക്ലീൻ' ചെയ്തു വെന്ന് മാനേജ്മെൻറ് മേനിനടിച്ചിരുന്നു. ആ ബലത്തിലാണ് മാനേജുമെന്റിന്റെ 'അധ്യാപക സംഘടന' കൗൺസിലിലേക്ക് മത്സരിച്ചത്. പക്ഷേ അധ്യാപകർ അവരെ ദയനീയമായി പരാജയപ്പെടുത്തി.

പ്രസന്നൻ നായർ, ഹരിന്ദ്രനാഥ്, ഗോപിക്കുട്ടൻ എന്നിവരാണ് വമ്പിച്ചഭൂരിപക്ഷം നേടി വിജയിച്ച എ. കെ. പി. സി. ടി. എ പ്രതിനിധികൾ.

(4—ാം പേജിൽനിന്ന്)

വെന്ന പ്രധാന പ്രശ്നം യൂണിവേഴ്സിററി കാണേണ്ടതുണ്ട്. മാനേജരുടെ തകരാറായാലും യൂണിവേർസിററിയുടെ തകരാറായാലും അധ്യാപകനാണ് അതിന്റെയൊക്കെ ദുരന്തഫലം അനുഭവിക്കേണ്ടിവരുന്നത്.

ഇരു യൂണിവേർസിററികൾക്കും ഈ പ്രശ്നത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ല. അപ്രൂവൽ കിട്ടാതെ ബുദ്ധിമുട്ടുന്ന അദ്ധ്യാപകരുടെ പ്രശ്നം ഉടൻ പരിഹരിക്കണം. ഈ ആവശ്യം മുൻനിർത്തി കേരള—കോഴിക്കോട് യൂണിവേഴ്സിററികളുടെ മുമ്പിൽ എ കെ പി സി ടി എ പ്രവർത്തകർ ഒക്ടോബർ 17—ന് കൂട്ടധർണ നടത്തുകയാണ്. ജോലിചെയ്തിട്ട് വർഷങ്ങൾ കഴിഞ്ഞാലും കൂലികിട്ടാതെ വരുന്ന പ്രാകൃത നിയമങ്ങൾക്കെതിരെയുള്ള സമരം വമ്പിച്ച വിജയമാക്കുക. □

KERALA PRIVATE COLLEGE TEACHER

monthly journal of the all kerala private college teachers' association

Registered No : KL/TV/237

No. 31

# ഒക്ടോബർ 31ന്
# ജില്ലാ കളക്ടറേററുകളിൽ കൂട്ടധർണ

## ഒത്തു തീർപ്പ് വ്യവസ്ഥകൾ ഉടൻ നടപ്പിലാക്കുക
## തടഞ്ഞുവച്ച ശമ്പളം തിരിച്ചു നൽകുക

സംയുക്ത സമരസമിതി സിന്ദാബാദ്

എ. കെ. പി. സി. ടി. എ സിന്ദാബാദ്

Printed and published by prof. v. narayanan kutty, at chempaka printers, trivandrum-4.
chief editor : v. n. murali.